സൗജന്യ റേഷൻ വിതരണം

24 [3446] *ശ്രീ. എം. പ്രകാശൻ മാസ്റ്റർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാധാരണക്കാർക്ക് സൗജന്യമായി നൽകുന്ന 'അന്നപൂർണ്ണ' റേഷൻ വിതരണം ഏത് മാസം വരെ വിതരണം ചെയ്തിട്ടുണ്ട്;

(ബി) ഈ സൗജന്യ റേഷൻ വിതരണം ഏതൊക്കെ ജില്ലകളിൽ കുടിശ്ശികയായിട്ടുണ്ട്;

(സി) എത്രകാലത്തെ റേഷൻ വിതരണം കുടിശ്ശികയായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) സൗജന്യ റേഷൻ വിതരണം കൃത്യമായി നടത്തുന്നതിന് ആവശ്യമായ അരി റേഷൻകടകളിൽ എത്തിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 'അന്നപൂർണ്ണ' റേഷൻ വിതരണം ജൂലൈ 2005 വരെ വിതരണം നടത്തിയിട്ടുണ്ട്.

(ബി) കുടിശ്ശികയായിട്ടില്ല.

(സി) ബാധകമല്ല.

(ഡി) സൗജന്യ റേഷൻ വിതരണം തടസ്സപ്പെടാതിരിക്കുവാൻ ആവശ്യമായ സ്റ്റോക്ക് എല്ലാ മൊത്ത/ചില്ലറ വ്യാപാര ഡിപ്പോകളിലും സൂക്ഷിക്കുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

ശബരി സൂപ്പർ മാർക്കറ്റുകളുടെയും മെഡിക്കൽ ഷോപ്പുകളുടെയും പ്രവർത്തനം

25 [3447] *ശ്രീ. എ. എ. അസീസ്:*

,, *കോവൂർ കുഞ്ഞുമോൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷന്റെകീഴിൽ എത്ര മെഡിക്കൽ ഷോപ്പുകൾ പ്രവർത്തിച്ചുവരുന്നു; ഇതിൽ പുതുതായി ആരംഭിച്ചവ ഏതെല്ലാമെന്ന് വെളിപ്പെടുത്താമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ശബരി സൂപ്പർ മാർക്കറ്റുകളിലും മെഡിക്കൽ ഷോപ്പുകളിലും ജീവനക്കാരെ നിയമിക്കുന്നത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയാണോ, അതോ നേരിട്ടാണോ എന്ന് വ്യക്തമാക്കാമോ; എങ്കിൽ ഇതിനകം എത്രപേരെ നിയമിച്ചു എന്നും ഇവർക്ക് എത്ര രൂപയാണ് ശമ്പളം നൽകുന്നത് എന്നും വെളിപ്പെടുത്താമോ?

ഉത്തരം

(എ) 46 മെഡിക്കൽ സ്റ്റോറുകൾ പ്രവർത്തിച്ചുവരുന്നു. ഇതിൽ പുതുതായി ആരംഭിച്ചവ (1-4-2005 മുതൽ) താഴെ പറയുന്നവയാണ്:

1. മാന്നാർ (1-4-2005)
2. കോന്നി (1-5-2005)
3. കല്ലമ്പലം (26-7-2005)

(ബി) ശബരി സൂപ്പർ മാർക്കറ്റുകളിൽ സിവിൽ സപ്ലൈസ് വകുപ്പിൽനിന്നും ഡെപ്യൂട്ടേഷനിൽ വരുന്നവരും കോർപ്പറേഷനിലെ സ്ഥിരം ജീവനക്കാരുമാണ് ജോലി ചെയ്തുവരുന്നത്. എന്നിരുന്നാലും 4 സെയിൽസ്മാൻ തസ്തികയിൽ എംപ്ലോയ്മെന്റിൽനിന്നും പ്രതിമാസം 2610 രൂപ ശമ്പളത്തിൽ നിയമനം നടത്തിയിട്ടുണ്ട്.

മെഡിക്കൽ ഷോപ്പുകളിൽ ഓഫീസർ-ഇൻ-ചാർജ്ജുമാരായി ഗവൺമെന്റിൽ നിന്നും ഡെപ്യൂട്ടേഷനിൽ വരുന്നവരും കോർപ്പറേഷനിലെ സ്ഥിരം ജീവനക്കാരുമാണ് ജോലി ചെയ്തുവരുന്നത്. ഫാർമസിസ്റ്റുമാരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയും കരാർ അടിസ്ഥാനത്തിലും നിയമിച്ചിട്ടുണ്ട്. ഇതിൽ 11 പേർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയും 74 പേർ കരാർ അടിസ്ഥാനത്തിലുള്ളവരുമാണ്. ഫാർമസിസ്റ്റുമാരുടെ ശമ്പളം 4000 രൂപയാണ്.

വടക്കാഞ്ചേരിയിലെ മാവേലി മെഡിക്കൽ സ്റ്റോർ മാറ്റി സ്ഥാപിക്കാൻ നടപടി

26 [3448] *ശ്രീ. എ. സി. മൊയ്തീൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരിയിലെ മാവേലി മെഡിക്കൽ സ്റ്റോർ താലൂക്ക് ആശുപത്രി കോമ്പൗണ്ടിലേക്ക് മാറ്റി സ്ഥാപിക്കുന്നതിന് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഉദ്ദേശിക്കുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly